LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം

22(*198) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ വളർച്ച പരിഗണിച്ച് കെ. എസ്. ആർ. ടി. സി. ബസ്സ്റ്റേഷനുകളിൽ ഒരു ദിനംദിന പരിസര ശുചീകരണം നടത്തുന്ന തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിന്റെ ഭാഗമായി ഭൂരിഭാഗം ബസ്സ്റ്റേഷനുകളുടെയും, കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കു കയുണ്ടായി. ബസ് സ്റ്റേഷൻ യാർഡ് കോൺക്രീറ്റ് ചെയ്യുകയും പലയിടങ്ങളിലും റീ-ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ നടപടി

23(*199) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേ യരായ എത്ര പേർ രോഗവിമുക്തി നേടിയിട്ടും ഇപ്പോഴും മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ അന്തേവാസികളായി തുടരുന്നുണ്ട്;

(ബി) ഇവർ ഇപ്രകാരം തുടരുവാനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ):

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ആരും തന്നെ ഇല്ല.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 12 പേരും, കോഴിക്കോട് മാന സികാരോഗ്യ കേന്ദ്രത്തിൽ 22 പേരും ഇപ്പോഴും അന്തേവാസികളായി തുടരുന്നുണ്ട്.

(ബി) സാമൂഹ്യ കാരണങ്ങളാലും മറ്റു കാരണങ്ങളാലും രോഗംമാറിയ ആളുകളെ ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ തന്നിരിക്കുന്ന മേൽവിലാസം പലരുടേയും ശരിയല്ല. മാത്രമല്ല അന്യ സംസ്ഥാനക്കാരുടെ മേൽവിലാസം കണ്ടെടുക്കുവാനും കഴിയുന്നില്ല. കൂടാതെ ഭാഷാപ്രശ്നം, താമസംമാറൽ, അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരുടെ ശരിയായ മേൽവിലാസം ഇല്ലായ്മ എന്നിവയാണ് പ്രധാന കാരണങ്ങൾ.

(സി) ആശുപത്രിക്കുള്ളിലെ പുനരധിവാസ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സ്ത്രീകൾക്ക് വിദ്യാകേന്ദ്രം, പുരുഷൻമാർക്ക് മെയിൽ റീഹാബ് എന്ന പദ്ധതി.

2. സ്ത്രീകൾക്കുമാത്രമായി റിക്രിയേഷൻ യൂണിറ്റുകൾ.

3. പകൽ വീട്.

4. രോഗികൾക്കായി കലാപരിപാടികളും പിക്നിക്കുകളും സംഘടിപ്പിക്കുന്നു.

5. ഓക്യൂപ്പേഷണൽ തെറാപ്പി യൂണിറ്റുകളായി- ബ്രെഡ് നിർമ്മാണം, സോപ്പ് നിർമ്മാണം, കസേര വരിയൽ, അലങ്കാര സസ്യകൃഷി, പൂന്തോട്ട നിർമ്മാണം, ഫർണിച്ചർ റിപ്പയറിംഗ്, കവർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സ്ക്രീൻ നറികട നടത്തുക, തയ്യൽ, ചൂൽ നിർമ്മാണം, ബുക്ക് നിർമ്മാണം, ക്രാഫ്റ്റ് വർക്ക്, കൃഷി, നൂൽനൂൽപ്പ്, ലാമിനേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുരുഷൻമാരുടെ വാർഡിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കെട്ടിടംപണി പൂർത്തിയായിട്ടുണ്ട്. സ്ത്രീകളുടെ വാർഡിൽ ഇതിനുള്ള കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ രോഗം ഭേദമായിവരുന്ന രോഗികളെ സർക്കാരിന്റെയും മറ്റ് സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലേക്കും മാറ്റി പാർപ്പിക്കുന്നു. "ആശാഭവൻ", "ശാന്തിഭവൻ", "ആശ്രമ", "മാനസ" തുടങ്ങിയവ ആണ് സ്ഥാപനങ്ങൾ. കഴിയുന്നത്ര രോഗികളെ രോഗം മാറിയ ശേഷം വീട്ടിലേക്ക് മടക്കി അയക്കുന്നുണ്ട്. മെന്റൽ ഹെൽത്ത് അതോറിട്ടിയുടെ ആഭിമുഖ്യത്തിൽ മംഗലപുരം പി.എച്ച്.സി.-യോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും, കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി "സാന്ത്വനം" എന്ന പേരിൽ ഒരു പകൽവീട് പ്രവർത്തിക്കുന്നുണ്ട്. മംഗലപുരം പി.എച്ച്.സി.യോടനുബന്ധിച്ചുള്ള സാന്ത്വനത്തിന്റെ മാതൃകയിൽ തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നുമുള്ള രോഗവിമുക്തരായവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാർ ഉത്തരവ് നമ്പർ (ആർ. റ്റി.) 956/2003/ആകുവ. തീയതി 27-3-2003 പ്രകാരം 6,25,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly